"അങ്ങ്
ജീവശ്വാസമയയ്ക്കുമ്പോൾ
അവ സൃഷ്ടിക്കപ്പെടുന്നു.
അങ്ങ് ഭൂമുഖം
നവീകരിക്കുന്നു."

സങ്കീ 104: 30

ഒക്ടോബർ 2020

## ആമുഖം

അസാധാരണമായ പ്രഖ്യാപനം! അത്ഭുതകരമായ പ്രഘോഷണം! അതിശയകരമായ അനുഭവസാക്ഷ്യം! ഈ സങ്കീർത്തന വചനം ഇതെല്ലാമാണ്. സൃഷ്ടിക്കുന്നതു ദൈവമാണ് (ഉൽപ 1: 1). നവീകരിക്കുന്നതും ദൈവം (വെളി 21: 5). സൃഷ്ടിക്കുന്നത് ഒന്നുമില്ലായ്മയിൽ നിന്നാണ് (ഉൽപ 1: 2 അദ്ധ്യായങ്ങൾ). നവീകരിക്കുന്നതു പഴയതിനെയും (എഫേ 4: 22–23 ). ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ വൈഭവവും നന്മയും തനിമയും മനോഹാരിതയും ദർശിക്കുന്ന സങ്കീർത്തകന്റെ ഓരോ വാക്കിലും അതിശയവും ദൈവസ്തുതിയും നിറഞ്ഞു തുളുമ്പുന്നു. സങ്കീർത്തനം അവസാനിക്കുമ്പോൾ അത് ഉച്ചസ്ഥായിയിൽ കരകവിഞ്ഞൊഴുകുന്നു. ഒടുവിൽ, സ്വജീവിതം തന്നെ ആനന്ദ സങ്കീർത്തനമായി പരിണമിക്കുന്നു (സങ്കീ 104: 33 –35). സങ്കീർത്തകൻ ദാവീദ് തന്നെ, കാരണം, 103–ാം സങ്കീർത്തന ശൈലിതന്നെയാണ് 104–നും. രണ്ടിലും പ്രതിബിംബിക്കുന്നത് ഒരേ ദൈവാനുഭവം തന്നെ.

## വിചിന്തനം

മീവൽപക്ഷിയെപ്പോലെ ദൈവസാന്നിദ്ധ്യവും (സങ്കീ 84: 3) മാൻപേടയെപ്പോലെ ദൈവാത്മാവിന്റെ നീർച്ചാലും (സങ്കീ 42: 1) കുഞ്ഞാടിനെപ്പോലെ ഒന്നും കുറവില്ലാത്ത അവസ്ഥയും (സങ്കീ 23: 1) കൊതിക്കുന്ന ജീസസ് യൂത്തിനും സങ്കീർത്തകന്റെ ദൈവാനുഭവ തീവ്രതയിൽ പങ്കുചേരാൻ വിളിയുണ്ട്. ഈ വിളിയും പ്രത്യുത്തരവും നമ്മുടെ ധ്യാനവിഷയമാവട്ടെ! ദൈവം തന്റെ സ്വന്തം കരങ്ങളായ പുത്രനെയും പരിശുദ്ധാത്മാവിനെയും (CCC. 704) ചേർത്തു നിർത്തിയാണ് സർവവും സൃഷ്ടിക്കുന്നതെന്ന് തിരിച്ചറിയുവാനും അതു ജീവിതത്തിലെ നിതാന്ത സ്തുതിഗീതമാകുവാനും ഈ ധ്യാനം സഹായിക്കട്ടെ.

സങ്കീർത്തകന്റെ ജീവിതത്തിലെ വലിയ വീഴ്ചയും തുടർന്നുണ്ടായ ഹൃദയപൂർവകമായ പ്രാർത്ഥനയും (സങ്കീ 51: 10) അതു സാധിച്ചതിന്റെ തെളിച്ചവുമാണ് ഈ വിവരണത്തിന്റെ പശ്ചാത്തലം. അയാൾ പുതിയ സൃഷ്ടിയായി. ജീവിതം നവീകരിക്കപ്പെട്ടു. വീഴ്ചയ്ക്കു ശേഷം തന്റെ ഹൃദയം ഒന്നിനും കൊള്ളില്ലല്ലോയെന്ന് അയാൾ സങ്കടപ്പെടുന്നുണ്ട്. പാപം അടക്കിവാണ ഹൃദയം കൊണ്ട് (മത്താ 15: 19) ദൈവേഷ്ടമനുസരിച്ച് ജീവിക്കാൻ സാധിക്കില്ലെന്ന നഷ്ടബോധത്തിൽ അവൻ പ്രാർത്ഥിച്ചു; എനിക്ക് പുതിയ ഹൃദയം വേണം.

ദൈവാത്മാവ് നിറയുമ്പോൾ നാം ക്രിസ്തുവിലാവുന്നു. പഴയതു മാറി പുതുസൃഷ്ടിയാവുന്നു (2 കൊറി 5: 17). ജീവിതത്തിൽ പുതുതായി സൃഷ്ടിക്കേണ്ടത് ഒന്നു മാത്രമേയുള്ളൂ: ഹൃദയം. ഒരുവൻ ക്രിസ്തുവിലാവുമ്പോൾ പഴയതു ചേരില്ല. പുതുഹൃദയം ദൈവം നമുക്കു തരുന്നു (എസെ 11: 19). നാം എപ്പോഴെല്ലാം മാനസാന്തരപ്പെടുന്നോ (അപ്പ 2: 38), യേശുവിനെ കർത്താവായി സ്വീകരിക്കുന്നുവോ (റോമ 10: 9), അപ്പോഴെല്ലാം അവനെ പരമമായി സ്നേഹിക്കാൻ കഴിയുന്ന പുതുഹൃദയം ദൈവം തരുന്നുവെന്ന് തിരിച്ചറിയണം.

ദൈവത്തിന്റെ ഇടപെടൽ അതിശയകരമായ മാറ്റം സങ്കീർത്തകനിൽ ഉണർത്തുന്നു. ഭൂമുഖമൊന്നാകെ നവീകരിക്കപ്പെട്ടതായി അവൻ കാണുകയാണ്. ദാവീദിന്റെ കാലത്ത് ഭൂമുഖത്തിന് മാറ്റംവന്നതായി ചരിത്രം പറയുന്നില്ല. പക്ഷേ ദൈവം ഭൂമുഖം നവീകരിക്കുന്നുവെന്ന് സങ്കീർത്തകൻ പാടുന്നു. ഇവിടെയും ജീവിതാനുഭവമാണ് പ്രധാനം. പ്രപഞ്ചസൗന്ദര്യം കണ്ട് മട്ടുപ്പാവിൽ ഉലാത്തുമ്പോഴാണ് അവൻ പാപത്തിൽ വീണത്. അതിന്റെ പ്രത്യാഘാതത്തിൽ ഭൂമുഖം തീർത്തും പഴകിപ്പോയതായി അനുഭവപ്പെട്ടു. പിന്നീടൊരിക്കലും അവൻ ആ 'മട്ടുപ്പാവി'ലേക്കു കയറിയില്ല. നവചൈതന്യത്തിനായുള്ള പ്രാർത്ഥന ദൈവം കേട്ടപ്പോൾ അവൻ പുനർജ്ജനിക്കപ്പെട്ടു. ഭൂമുഖം വീണ്ടും മനോഹരമായ അനുഭവമായി. ഇതിൽ പങ്കുചേരുന്ന ഓരോരുത്തരും അസ്സീസ്സിയിലെ വി. ഫ്രാൻസിസിനെപ്പോലെ ഈ പ്രകൃതിയെ നോക്കി ഉച്ചൈസ്തരം ഉദ്ഘോഷിക്കും, 'laudato si, mi signore!'– 'എന്റെ കർത്താവേ, അങ്ങേയ്ക്കു സ്തുതി!' ഓരോ ജീസസ് യൂത്തും ഇതു് ഏറ്റുപറയുമ്പോൾ നമ്മുടെ ഭൂമുഖവും നവീകരിക്കപ്പെടുകയാണ്!

എന്തൊക്കെയാണ് ജീവിതത്തിൽ നവീകരിക്കപ്പെടാനുള്ളത്? അത് ആന്തരിക മനുഷ്യനാണ് (2 കൊറി 4: 16, എഫേ 3: 16, റോമ 7: 22 – 23). പ്രത്യേകിച്ച് മനസ്സ്. (റോമ 12: 2) ദൈവഹിതം തിരിച്ചറിയുന്നതിന് ഈ നവീകരണം അനിവാര്യമാണ്. പുത്തൻ ചക്രവാളങ്ങളും വലിയ വെല്ലുവിളികളും തേടി യുവസഹജമായ സാഹസികതയോടെ യേശുവിനെ തേടിയെത്തിയ ധനികനായ അധികാരി ഒന്നാംതരം ഉദാഹരണമാണ് [ 'ക്രിസ്തു ജീവിക്കുന്നു' (ക്രിസ്ത്തുസ് വിവിത് ) –18]. സഹാനുഭൂതിയുടെ വിപ്ലവത്തിലേക്കുള്ള കർത്താവിന്റെ വിളിയും അതിനു പ്രത്യുത്തരമായ പരിവർത്തനവും അവനു സ്വീകരിക്കാവുന്നതിനുമപ്പുറമായിരുന്നു. അതിലും പ്രധാനം അവന് സമ്പത്തും അധികാരവുമായിരുന്നു. പുതിയ തുടക്കത്തിന് അവൻ തയ്യാറായില്ല. ഫലമോ, ആ നടത്തവും കണ്ടുമുട്ടലും നഷ്ടമായിപ്പോയി (മർക്കോ 10: 22).

ചുറ്റുപാടുകളോടും ലോകത്തോടും സ്വജീവിതത്താൽ കർത്താവിനെ പ്രഘോഷിക്കണമെങ്കിൽ പൂർണ പരിവർത്തനം ആഗ്രഹിക്കണം; നിരുപാധികവും ഉടനടിയുമുള്ള മാറ്റത്തിന് സന്നദ്ധമാവണം. ദൗത്യത്തിൽ പരാജയപ്പെടാതിരിക്കാൻ ഇത് സംഭവിച്ചേ മതിയാകൂ ['ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' (ഗൗദാതേ യെറ്റ് എക്സാൾറ്റേറ്റ് ) – 24]. സമർപ്പണത്തിലേക്ക് കർത്താവിന്റെ അതിസ്വാഭാവിക കൃപ ഇറങ്ങിവരുന്നു; സമർപ്പണം പൂർണ്ണമാവുന്നു. നിത്യയൗവ്വനത്തിന് ഉടമയായ യേശു യൗവ്വനയുക്തമായ ഹൃദയം നൽകും. വ്യക്തിജീവിതത്തിലും ചുറ്റുപാടിലും മറ്റുള്ളവരിലും പുതിയതു സൃഷ്ടിക്കുവാനും പഴയതു നവീകരിക്കുവാനും സാധിക്കും. അതെ; പരിശുദ്ധാത്മാവ് നയിക്കുമ്പോൾ ഈ മിഷനറി ദൗത്യവും നമ്മെ ഭരമേല്പിക്കുന്നു. യഥാർത്ഥത്തിൽ ഭൂമിയിൽ ഞാൻ ഒരു മിഷനാണ്. അതുകൊണ്ടാണ് തീർച്ചയായും ഇവിടെയായിരിക്കുന്നത്. ['ക്രിസ്തു ജീവിക്കുന്നു' (ക്രിസ്ത്തുസ് വിവിത് ) – 253, 254].

അതിനാൽ പ്രേഷിത ശിഷ്യത്വയാത്രയിൽ ഈ പ്രാർഥന ഹൃദയത്തിലെപ്പോഴും ഉയരട്ടെ: "ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ! അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ!" (സങ്കീ 51: 10)